(എ) പത്തനംതിട്ട ജില്ലയിൽ അരുവാപ്പുലം പഞ്ചായത്തിലെ മണൽ ലേലവുമായി ബന്ധപ്പെട്ട അഴിമതി അന്വേഷണത്തിന് നാൾ ഇതുവരെ എന്തു നടപടി സ്വീകരിച്ചു ; പ്രസ്തുത അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അതിൽ കുറ്റക്കാർക്കെതിരെ നടപടി ശുപാർശ ചെയ്തിട്ടുണ്ടോ ; കുറ്റക്കാർ ആരെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ആരെല്ലാം ;

(ബി) അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) നിലിവിലുള്ള നിയമപ്രകാരം ഇത്തരത്തിലുള്ള അഴിമതി നടത്തുന്നവർക്ക് നൽകാവുന്ന പരമാവധി ശിക്ഷ എന്താണ് ;

(ഡി) പ്രസ്തുത കരാർ നൽകിയതിൽ അഴിമതി നടത്തിയവർക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊള്ളാമോ ?

ഉത്തരം

(എ-ഡി) പത്തനംതിട്ട ജില്ലയിലെ അരുവാപ്പുലം ഗ്രാമപഞ്ചായത്തിലെ മണൽ ലേലവുമായും മറ്റ് ബന്ധപ്പെട്ട വിവിധ ക്രമക്കേടുകളെപ്പറ്റി 28-1-1999-ൽ 'വിജിലൻസ് അന്വേഷണത്തിന്' ഉത്തരവായിട്ടുണ്ട്. വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടില്ല. ധാരാളം സാക്ഷികളെ നേരിൽക്കണ്ട് മൊഴി രേഖപ്പെടുത്തേണ്ടതിനാലും മതിയായ രേഖകൾ കണ്ടെടുത്ത് പരിശോധിക്കേണ്ടതുള്ളതിനാലും അന്വേഷണം പൂർത്തിയാക്കാൻ സമയം ആവശ്യമാണ്. അന്വേഷണം വേഗം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നതായി വിജിലൻസ് വകുപ്പ് അറിയിച്ചിട്ടുണ്ട്.

നഗരപാലികാ സ്ഥാപനങ്ങൾക്ക് വാർഷിക റിപ്പോർട്ട് സമർപ്പിക്കാൻ കാലാവധി ദീർഘിപ്പിച്ച നടപടി

119 (517) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് 1996-97,1997-98,1998-99, 1999-2000, 2000-2001 എന്നീ വർഷങ്ങളിൽ ഗവൺമെന്റ് അനുവദിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഓരോ വർഷവും അനുവദിച്ച തുക എത്ര ;

(സി) ഓരോ വർഷവും ത്രിതലപഞ്ചായത്തുകൾ ചെലവാക്കിയ തുക എത്ര എന്നും ലാപ്സാക്കിയ തുക എത്ര വീതമെന്നും വ്യക്തമാക്കാമോ ;

(ഡി) ഈ സാമ്പത്തിക വർഷം ഇതുവരെ റിലീസ് ചെയ്ത തുക എത്ര എന്നും ഇതുവരെ ചെലവാക്കിയ തുക എത്രയെന്നും വ്യക്തമാക്കുമോ ;

(ഇ) നഗരപാലിക സ്ഥാപനങ്ങൾ 1999-2000 വർഷംവരെ ചെലവാക്കിയ തുകയുടെ വാർഷികകണക്കുകൾ സമർപ്പിക്കാൻ കാലാവധി നീട്ടിക്കൊടുത്തു കൊണ്ടുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ജി) നിയമപ്രകാരം നിശ്ചിത തീയതിക്കകം കണക്ക് കൊടുക്കുവാൻ സാദ്ധ്യതയുള്ള നഗരപാലികാ സ്ഥാപനങ്ങൾക്ക് ഒരു എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം ആ തീയതി നീട്ടി കൊടുത്തത് ശരിയാണോ ?

ഉത്തരം

(എ) പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്ക് (ത്രിതല പഞ്ചായത്തുകൾക്ക്) ഓരോ വർഷവും അനുവദിച്ച പദ്ധതി വിഹിതത്തിന്റെ കണക്ക് ചുവടെ നൽകുന്നു.

വർഷം	തുക (കോടിയിൽ)
1996-97	143.00 (ഉപാധിരഹിത ഫണ്ട്)
1997-98	653.13
1998-99	827.23
1999-2000	887.81
2000-2001	910.76

(ബി) അനുവദിച്ച തുക ഇനി പറയും പ്രകാരമാണ്.

1996-97	143.00	കോടി രൂപ
1997-98	653.13	"
1998-99	827.23	"
1999-2000	887.81	"
2000-2001	910.76	"

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഈ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തുകൾക്ക് 31-1-2001 വരെ 29,869.058 ലക്ഷം രൂപ അനുവദിച്ചതിൽ 14,133.368 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നഗരസഭകൾക്ക് രണ്ടു ഗഡുക്കളായി 6,456.51 ലക്ഷം രൂപ അനുവദിച്ചതിന്റെ 35-40 ശതമാനത്തോളം ചെലവഴിച്ചു. ബ്ലോക്ക് പഞ്ചായത്തുകൾക്ക് 5-2-2001 വരെ 6,741.16722 ലക്ഷം രൂപ അനുവദിച്ചതിൽ 31-1-2001 വരെ 5,241.01619 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകൾക്ക് 7,216.31998 ലക്ഷം രൂപ അനുവദിച്ചതിൽ 35-40 ശതമാനത്തോളം ചെലവഴിച്ചതായി കാണുന്നു.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

(ജി) കുടിശ്ശിക ഡി.സി.ബി.കൾ തീർപ്പാക്കുന്നതിനുള്ള കാലാവധി 31-3-2001 വരെ ദീർഘിപ്പിച്ചുകൊണ്ടാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly